## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 532 — 06.07.2012-ൽ മറുപടിക്ക്

**കാൻസർ, ഹൃദ്രോഗം, വൃക്കരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ പ്രത്യേക പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. റ്റി. വി. രാജേഷ് | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് കാൻസർ, ഹൃദ്രോഗം, വൃക്കരോഗങ്ങൾ, എന്നിവമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമെന്ന് സപ്തധാര പദ്ധതിയിൽ പ്രഖ്യാപിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പാക്കിയതെന്നും ഇതുമൂലം എത്ര രോഗികൾക്ക് ആശ്വാസം നൽകാൻ കഴിഞ്ഞു എന്നും വ്യക്തമാക്കുമോ ; | ബി) ഈ പദ്ധതി സംസ്ഥാനത്തെ ഏതെങ്കിലും പ്രത്യേക പ്രദേശങ്ങളിലോ, ആശുപത്രികളിലോ മാത്രം നടപ്പിലാക്കുവാനല്ല വിഭാവനം ചെയ്തിട്ടുള്ളത്.<br>സംസ്ഥാന സർക്കാരിന്റെ ഒരു വർഷത്തെ കർമ്മപരിപാടിയായ സപ്തധാരാ പദ്ധതിയിൽ ഉൾപ്പെടുത്തി കാൻസർ, ഹൃദ്രോഗം, വൃക്കരോഗങ്ങൾ, എന്നിവമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതിക്കായി 2011-12ലെ വാർഷിക ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തുകയുണ്ടായി. പ്രസ്തുത തുക ഈ വിഭാഗത്തിൽപെട്ട രോഗികൾക്ക്, പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകുന്നതിനുള്ള സൊസൈറ്റി (SMAP) |

......2

മുഖേന, ധനസഹായം നൽകുന്നതിനുവേണ്ടി വിനിയോഗിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ നിന്നും 1,81,07,500/- രൂപ 01.04.2011 മുതൽ അപേക്ഷിച്ചവരിൽ നിന്നും അർഹരായി തെരഞ്ഞെടുക്കപ്പെട്ട 1028 രോഗികൾക്ക് അനുവദിച്ചിട്ടുണ്ട്.

സി) നിലവിൽ സംസ്ഥാനത്ത് മേൽപ്പറഞ്ഞ രീതിയിലുള്ള രോഗങ്ങൾ ഉള്ളവരുടെ എണ്ണം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ ?

സി) കൃത്യമായ കണക്കുകൾ ലഭ്യമല്ല. എങ്കിലും ഹൃദ്രോഗത്തിന്റെ തോത് 40 വയസ്സിനു മുകളിൽ 10% മുതൽ 12% വരെയും കാൻസർ രോഗം 4% മുതൽ 6% വരെയും വൃക്ക രോഗങ്ങൾ 3% മുതൽ 5% വരെയും ആണെന്നാണ് സംസ്ഥാന തലത്തിലും ദേശീയതലത്തിലും തെളിയിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ